## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 426 6.3.2012-ൽ മറുപടിക്ക്.

## റെയിൽവേ വികസനത്തിനായി കേന്ദ്രത്തിനു സമർപ്പിച്ച പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിനു സമർപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19.9. 2011 ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി സംസ്ഥാനം സന്ദർശിച്ചപ്പോഴും, 2012- 2013 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 24.1.2012 - ൽ നടന്ന എം.പിമാരുമായുള്ള യോഗത്തിലും, 2012 ഫെബ്രുവരി മാസം സംസ്ഥാന ഗവൺമെന്റ് നേരിട്ട് നിവേദനം നൽകിയതിലൂടെയും പാലക്കാട് റയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, Automatic Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റെയിൽവേ ലൈൻ വൈദ്യുതീകരണം, പാത ഇരട്ടിക്കൽ, മീറ്റർ ഗേജ് ബ്രോഡ്ഗേജാക്കുന്നത്, ROB കളുടെ നിർമ്മാണം, കോച്ചുകളുടെ എണ്ണത്തിലുള്ള കുറവും ഉള്ളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് |

| | | | |
|---|---|---|---|
| | | | സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്, പെനിൻസുലാർ റയിൽവേ സോൺ രൂപീകരണം, തിരുവനന്തപുരത്ത് റയിൽവേ മെഡിക്കൽ കോളേജ്, പുതിയ ലൈനുകളുടെ സർവ്വേയും നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ്ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം - തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, അണ്ടർപാസ്സിനായി ചിന്നക്കടയിൽ കൊല്ലം നഗരസഭയ്ക്ക് റയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാററം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്, ഡെഡിക്കേറഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ എന്നീ കാര്യങ്ങളാണ് മുഖ്യമായും സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രസർക്കാരിന് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | 2012-13 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക 2012-2013 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിൽ വയനാട് ജില്ലയെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (സി) | വയനാട് ജില്ലയ്ക്ക് കൂടി പ്രയോജനം ചെയ്യുന്ന സർവ്വേ പൂർത്തിയായ നിലമ്പൂർ -സുൽത്താൻ ബത്തേരി- നഞ്ചൻഗുഡ് റയിൽ പാതയുടെ നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തണമെന്ന് 19.9.2011 ലെ ബഹു. കേന്ദ്ര റയിൽവേ മന്ത്രിയും ബഹു. മുഖ്യമന്ത്രിയും പങ്കെടുത്ത യോഗത്തിൽ ആവശ്യപ്പെടുകയും 2012-2013 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റിൽ ഇതിനായി ആവശ്യമായ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി നൽകിയ മെമ്മോറാണ്ടത്തിൽ പറയുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ